# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: .എസ്.എ.കെ.ടി.എം.പി .12/1382/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 25/11/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: .എസ്.എ.കെ.ടി.എം.പി .12/1382/2021 തീയ്യതി: 25/11/2021

## കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-10-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാധാകൃഷ്ണൻ എം എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 11-10-2021 | 26-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-10-2021 | 26-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ഇന്ദുലേഖ എ., ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദർശന വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സുനിൽകുമാർ ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ എംൽ റ്റി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഇ ആർ സുനിൽകുമാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി. മായ ഡി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. റസിയ എ സലാം | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. സരിത തങ്കച്ചൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.ജോർജ് കുര്യൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 01-04-2019 | 31-03-2020 |
| ഡോ.ശ്രീജിത്ത് എസ് പി | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2019 | 18-04-2019 |
| ഡോ.ഹൻസു ഷെരീഫ് | മെഡിക്കൽ ഓഫീസർ-ആയുർവേദം | 19-04-2019 | 26-05-2019 |
| ഡോ.ശ്രീജിത്ത് എസ് പി | മെഡിക്കൽ ഓഫീസർ-ആയുർവേദം | 27-05-2019 | 18-08-2019 |
| ഡോ.ലൗലി ഫിലിപ്പ് | മെഡിക്കൽ ഓഫീസർ-ആയുർവേദം | 19-08-2019 | 02-12-2019 |
| ഡോ.ഡോൺ എബ്രഹാം | മെഡിക്കൽ ഓഫീസർ-ആയുർവേദം | 03-12-2019 | 31-03-2020 |
| ഡോ.രജിഷ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2019 | 15-11-2019 |
| ഡോ.ഗീത മാത്യു | മെഡിക്കൽ ഓഫീസർ-ഹോമിയോ | 16-11-2019 | 31-03-2020 |
| ശ്രീമതി.ബിന്ദു എം പി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-1 | 01-04-2019 | 31-03-2020 |
| ശ്രീമതി.മായ ആർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-2 | 01-04-2019 | 31-03-2020 |
| ശ്രീമതി.അഞ്ജലി അരവിന്ദ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 08-05-2019 |
| ശ്രീമതി.അനിഷ ആർ | ഐ.സി.ഡി.എസ്. | 09-05-2019 | 31-03-2020 |

| | | | |
|---|---|---|---|
| ബാബു | സൂപ്പർവൈസർ | | |
| ശ്രീമതി.അന്നമ്മ ജോർജ് | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ഗ്രീഷ്മ എ വി | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 01-04-2019 | 19-07-2019 |
| ശ്രീ.മഹേഷ് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 20-07-2019 | 28-08-2019 |
| ശ്രീമതി.ശ്രുതി എം എൽ | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 29-08-2019 | 22-12-2019 |
| ശ്രീമതി.രമ്യ എൻ സി | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 23-12-2019 | 08-01-2020 |
| ശ്രീ.മോഹിത് എം | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 09-01-2020 | 31-03-2020 |
| ശ്രീമതി.രേവതിക്കുട്ടി കെ ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി.അനിത എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-05-2019 |
| ശ്രീമതി.മിനി സൂസൻ ഡാനിയേൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-06-2019 | 31-03-2020 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: A Indulekha (Audit Officer, On 19-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: A Indulekha (Audit Officer, On 19-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: A Indulekha (Audit Officer, On 19-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: A Indulekha (Audit Officer, On 19-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-11-2021) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം.<br>Written By: A Indulekha (Audit Officer, On 19-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-11-2021) | 1-5 |
| 6 | ദേശീയതൊഴിലുറപ്പു പദ്ധതി<br>Written By: A Indulekha (Audit Officer, On 19-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-11-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: A Indulekha (Audit Officer, On 19-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-11-2021) | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന<br>Written By: Emil T Abraham (Senior Grade Auditor, On 21-10-2021)<br>Last Updated By: Emil T Abraham (Senior Grade Auditor, On 21-10-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: A Indulekha (Audit Officer, On 19-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-11-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: A Indulekha (Audit Officer, On 19-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-11-2021) | 1-10 |
| 11 | ഇ—ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല<br>Written By: Emil T Abraham (Senior Grade Auditor, On 21-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-11-2021) | 1-11 |
| 12 | വസ്തുനികുതി നിർണ്ണയത്തിലെ അവ്യക്തത.<br>Written By: Darsana V (Senior Grade Auditor, On 25-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-11-2021) | 1-12 |
| 13 | വസ്തുനികുതി നിർണ്ണയം -തറവിസ്തീർണ്ണം കുറവായി നിർണ്ണയിച്ചു.<br>Written By: Darsana V (Senior Grade Auditor, On 25-10-2021)<br>Last Updated By: Ambily M (Asst. Audit Officer, On 27-10-2021) | 1-13 |
| 14 | വസ്തുനികുതി -വിശദാംശങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Darsana V (Senior Grade Auditor, On 26-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-11-2021) | 1-14 |
| 15 | ഒറ്റത്തവണ കെട്ടിടനികുതി -സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: Darsana V (Senior Grade Auditor, On 26-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-11-2021) | 1-15 |
| 16 | വസ്തുനികുതി -കുടിശ്ശിക<br>Written By: Darsana V (Senior Grade Auditor, On 25-10-2021)<br>Last Updated By: Ambily M (Asst. Audit Officer, On 27-10-2021) | 1-16 |
| 17 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 25-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-11-2021) | 1-17 |

| | | |
|---|---|---|
| 18 | തൊഴിൽ നികുതി കുടിശ്ശിക അവശേഷിക്കുന്നു<br>Written By: Darsana V (Senior Grade Auditor, On 25-10-2021)<br>Last Updated By: Ambily M (Asst. Audit Officer, On 27-10-2021) | 1-18 |
| 19 | ലൈസൻസ് സംബന്ധമായ അപാകതകൾ<br>Written By: Sunil Kumar G (Senior Grade Auditor, On 26-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-11-2021) | 1-19 |
| 20 | വാടക-ഡി.സി.ബി തുകകളിൽ കൃത്യതയില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-11-2021) | 1-20 |
| 21 | ലേലം സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല, വരവിന്റെ കൃത്യത പരിശോധിക്കാനായില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 27-10-2021)<br>Last Updated By: Ambily M (Asst. Audit Officer, On 27-10-2021) | 1-21 |
| 22 | കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് സേവന പുസ്തകം പരിപാലിക്കാതെ ആർജിതാവധി അനുവദിച്ചു<br>Written By: Sunil Kumar G (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-11-2021) | 1-22 |
| 23 | പഞ്ചായത്ത് ജീവനക്കാരല്ലാത്ത വ്യക്തികൾക്ക് ട്രഷറിയിൽ പോകുന്നതിനായി യാത്രക്കൂലി അനുവദിച്ചു<br>Written By: Sunil Kumar G (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-11-2021) | 1-23 |
| 24 | അർഹമായ കാലയളവിന് ശേഷം യാത്ര ബത്ത മാറി നൽകി<br>Written By: Sunil Kumar G (Senior Grade Auditor, On 27-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-11-2021) | 1-24 |
| 25 | മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു - 242800 രൂപ തിരികെ ഈടാക്കണം<br>Written By: Emil T Abraham (Senior Grade Auditor, On 23-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-11-2021) | 1-25 |
| 26 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടിലെ അപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 26-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-11-2021) | 1-26 |
| 27 | എ.ബി.സി പ്രോജക്ടിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല .<br>Written By: Emil T Abraham (Senior Grade Auditor, On 26-10-2021)<br>Last Updated By: Ambily M (Asst. Audit Officer, On 27-10-2021) | 1-27 |
| 28 | ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 25-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-11-2021) | 1-28 |
| | **ഭാഗം 2** | |
| 1 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Ramamol Velayudhan (Computer Assistant, On 20-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-11-2021) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: A Indulekha (Audit Officer, On 19-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-11-2021) | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: A Indulekha (Audit Officer, On 19-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-11-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: A Indulekha (Audit Officer, On 19-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: A Indulekha (Audit Officer, On 19-10-2021)<br>Last Updated By: A Indulekha (Audit Officer, On 25-10-2021) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: A Indulekha (Audit Officer, On 19-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-11-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: A Indulekha (Audit Officer, On 19-10-2021)<br>Last Updated By: A Indulekha (Audit Officer, On 25-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: A Indulekha (Audit Officer, On 19-10-2021)<br>Last Updated By: A Indulekha (Audit Officer, On 19-10-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: A Indulekha (Audit Officer, On 19-10-2021)<br>Last Updated By: A Indulekha (Audit Officer, On 19-10-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം<br>Written By: A Indulekha (Audit Officer, On 19-10-2021)<br>Last Updated By: A Indulekha (Audit Officer, On 19-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: A Indulekha (Audit Officer, On 19-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: A Indulekha (Audit Officer, On 19-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-11-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 27.02.2019തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 10565025 | 51723482 |
| വരവ് | 146200000 | 79294583 |
| ആകെ | 156765025 | 131018065 |
| ചെലവ് | 150751925 | 77100437 |
| നീക്കിയിരിപ്പ് | 6013100 | 53917628 |

ബജറ്റ് പ്രകാരം14.62കോടി രൂപയുടെ പ്രതീക്ഷിത വരവും15.07കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2019-20ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 11.93കോടി രൂപയും ചെലവ് 11.77കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 20.06.2020-ലെ VII(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2019-20 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 51723482 രൂപയും തൻവർഷ വരവ് 79294583രൂപയും തൻവർഷചെലവ് 77100437രൂപയും വർഷാവസാന നീക്കിയിരിപ്പ് 53917628 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 119371389 രൂപയും ആകെ ചെലവ് 117747195 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.

2) ഗ്രാമപഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ച ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

3) B18 ഷെഡ്യൂളിൽ 4601001031-Temperory Advance For Official Purpose-ന്റെ നീക്കിയിരിപ്പ്, രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

4) ഡി & ഒ ലൈസൻസ്, വാടക എന്നിവയുടെ കുടിശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

5) റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

6) ലേലം തൻവർഷവരവുകളുടെ വിശദാംശങ്ങൾ പൂർണ്ണമായും റസീപ്റ്റ് & പേയ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

7)B-4 പട്ടികയുടെ എ.സി.ആർ കൃത്യമല്ലാത്തതിനാൽ കേന്ദ്ര- സംസ്ഥാന വിഹിതം വരവുചെലവുകളുടെ കൃത്യത വ്യക്തമല്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 51723482 |
| ഓഡിറ്റ് വർഷത്തെ വരവ് | 79294583 |
| ആകെ | 131018065 |
| | |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 77100437 |
| നീക്കിയിരിപ്പ് | 53917628 |
| വരവിനങ്ങളിലുള്ള നഷ്ടം | 6430 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 17785 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,05,18,212 | 2,05,18,212 | 174,02,318 | 3115894 | 91 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7126588 | 7126588 | 5516372 | 1610216 | 77 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 727000 | 727000 | 671774 | 55226 | 92 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 15685867 | 15685867 | 5308135 | 10377732 | 33 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 6697000 | 6697000 | 2644088 | 4052912 | 40 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9901000 | 9901000 | 2671074 | 7229926 | 27 |
| ഐസിഡിഎസ് ഫണ്ട് | 1987642 | 894083 | 2881725 | 897164 | 1984561 | |
| ജലനിധി | 4060048 | 1110559 | 5170607 | 1974194 | 3196413 | --- |
| ബഡ്സ് സ്കൂൾ | 12,50,000 | ------- | 12,50,000 | ------- | 12,50,000 | |
| സമ്പൂർണ്ണ ശുചിത്വ ഗ്രാന്റ്(TSC) | 199950 | ---------------- | 199950 | ---------------- | 199950 | |
| എൻആർഇജിഎ | 295119 | 15963798 | 16258917 | 16257946.16 | 971.34 | |

2018-19ലെ 19/2019 നം. പ്രോജക്ട് പ്രകാരം 97164 രൂപ ചെലവഴിച്ചത് 2018-19 വർഷം അക്കൗണ്ട് ചെയ്യപ്പെടാത്തതിനാൽ ICDS ന്റെ യാഥാർത്ഥ മുന്നിരിപ്പ് 1890478 ആണ് . (AFS പ്രകാരം 1987642)

ഗ്രാന്റിന്റെ വിനിമയം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാന്റ് പത്രികയിലെ കേന്ദ്രവിഹിതം, സംസ്ഥാനവിഹിതം എന്നിവയുടെ വരവുചെലവ് കണക്ക് യഥാർത്ഥ അലോട്ട്മെന്റുമായി പൊരുത്തപ്പെടുന്നില്ല. (പെർഫോമൻസ് ഇന്റൻസീവ് ഗ്രാന്റ്,ശുചിത്വ മിഷൻ ഗ്രാന്റ് എന്നിവ)

2. ഗ്രാന്റ് പത്രികയിലെ മേഖല തിരിച്ചുള്ള അലോട്ട്മെന്റ് തുകകളുടെ കണക്ക് യഥാർത്ഥ അലോട്ട്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

വികസന ഫണ്ട്, കേന്ദ്രവിഹിതം, സംസ്ഥാനവിഹിതം എന്നിവയുടെ അക്കൗണ്ടിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന്(ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ , വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം.

ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മീറ്റിംഗ് 25.11.2018 ലും പദ്ധതിരൂപീകരണ ഗ്രാമ സഭകൾ 23.11.2018 മുതൽ 25.11.2018 വരെയും നടക്കുകയുണ്ടായി. വർക്കിംഗ് ഗ്രൂപ്പിലും, ഗ്രാമ സഭയിലുമായി ഉരുത്തിരിഞ്ഞ പദ്ധതി നിർദേശങ്ങൾ 06.01.2020- ൽ നടന്ന വികസനസെമിനാറിൽ ചർച്ചചെയ്ത് വാർഷിക പദ്ധതി പ്രോജക്ടുകൾ അന്തിമമാക്കുകയും ഭരണസമിതി അംഗീകരിച്ച പ്രസ്തുത പ്രോജക്ടുകൾക്ക് 09.03.2020 ലെ 2707/18/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിക്കുകയും ചെയ്തു. അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| **259** | **144** | **125215249** | **56027031** | **45** |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ വാർഷികപദ്ധതി പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | വകയിരുത്തിയ തുക | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 4 | 3 | 6135000 | 2183072 | 36 |
| 2 | വെറ്ററിനറി സർജൻ | 10 | 8 | 4725000 | 3109851 | 66 |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 6 | 5 | 1040000 | 802472 | 77 |
| 4 | മെഡി.ഓഫീസർ, ആയുർവേദ | 1 | 1 | 150000 | 150000 | 100 |
| 5 | മെഡി.ഓഫീസർ, ഹോമിയോ | 1 | 1 | 500000 | 500000 | 100 |
| 6 | വി.ഇ.ഒ-1 | 5 | 7 | 27468820 | 11414000 | 42 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ. | 4 | 4 | 6539982 | 5840222 | 89 |
| 8 | സെക്രട്ടറി | 35 | 22 | 9916101 | 6126777 | 62 |
| 9 | ഹെഡ് മാസ്റ്റർ | 14 | 8 | 4425000 | 2234950 | 50 |
| 10 | വി.ഇ.ഒ-2 | 13 | 8 | 11122795 | 5883650 | 53 |
| 11 | അസി.എൻജിനീയർ | 147 | 65 | 46636586 | 15048138 | 32 |
| 12 | ക്ഷീരവികസന ഓഫീസർ | 1 | 1 | 1500000 | 435693 | 29 |
| 13 | അസി.സെക്രട്ടറി | 16 | 11 | 5055965 | 2298206 | 45 |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ | 259 | 144 | 125215249 | 56027031 | 45 |

ഗ്രാമപഞ്ചായത്തിന്റെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തിയതായി കാണുന്നു. ഉദ്പാദനമേഖലയിൽ കൃഷി ഓഫീസർ നെൽകൃഷി വികസന പ്രോജക്ടുകൾ മാത്രമെ നിർവ്വഹിച്ചിട്ടുള്ളൂ. ലൈഫ് ഭവനനിർമ്മാണപദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്കണവാടികളുടെയും എൽ.പി. സ്കൂളുകളുടെയും മെയിന്റനൻസ് നടത്തുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. ആശുപത്രികളിലേയ്ക്ക് മരുന്നുകൾ/ അവശ്യസാധനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഹരിതകർമ്മസേന മുഖാന്തിരം വീടുകളിൽനിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുകയും അംഗങ്ങൾക്ക് പ്രതിഫലം നല്കുന്നതിന് വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. വീടുകളിൽ നിന്നും, വ്യാപാരസ്ഥാപനങ്ങളിൽ നിന്നും യൂസർഫീ ഈടാക്കിവരുന്നു.

അംഗീകാരം കിട്ടിയ 259 പ്രോജക്ടുകളിൽ 144 എണ്ണം മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്. വകയിരുത്തിയ ആകെ തുകയുടെ 45 ശതമാനമാണ് ചെലവ്. നൂതന പ്രോജക്ടുകളൊന്നും ഏറ്റെടുക്കുകയോ നടപ്പാക്കുകയോ ചെയ്തിട്ടില്ല. ലൈഫ് ഭവനപദ്ധതിയാണ് തൻവർഷം ഏറ്റെടുത്ത ഏറ്റവും ബൃഹത്തായ പദ്ധതി. എന്നാൽ ഭവനത്തിനായി തെരഞ്ഞെടുക്കപ്പെട്ട് കരാർ വച്ച ഗുണഭോക്താക്കളുടെയും നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിലായി തുക കൈപ്പറ്റിയതിന്റെയുമുൾപ്പെടെയുള്ള വിവരങ്ങളടങ്ങിയ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

**മരാമത്ത് പ്രവൃത്തികൾ**

റോഡ് കോൺക്രീറ്റിംഗ്, റോഡ് ടാറിംഗ്, സ്കൂളുകളുടെയും അങ്കണവാടികളുടെയും അറ്റകുറ്റപ്പണികൾ,തുടങ്ങിയവയാണ് അസി.എൻജിനീയർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ പ്രധാനമായവ.റോഡ് പ്രവൃത്തികളിൽ കണക്ടിവിറ്റി മാപ്പ് തയാറാക്കണമെന്ന് വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും തയാറാക്കിയിട്ടില്ല.പശ്ചാത്തലമേഖലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്ടുകളിൽ 50% പ്രോജക്ടുകൾ പോലും തൻവർഷം പൂർത്തീകരിച്ചില്ല. .ആകെ അംഗീകാരം ലഭിച്ച 147 പ്രോജക്ടുകളിൽ 33 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. 82എണ്ണവും നടപ്പാക്കിയില്ല.ഇതിൽ നിന്ന് പഞ്ചായത്തിന്റെ ലഭ്യമായ ഉദ്യോഗസ്ഥശേഷിക്ക് സാധിക്കുന്നതിനപ്പുറമാണ് ഓരോവർഷവും അംഗീകാരം വാങ്ങുന്ന പ്രോജക്ടുകളുടെ എണ്ണമെന്നാണ് വ്യക്തമാകുന്നത്.ഇപ്രകാരം നിരവധി പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് പ്രവൃത്തിയുടെ ഗുണനിലവാരം,ഫലപ്രാപ്തി,കാര്യക്ഷമത എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു. പ്രവൃത്തികളുടെ അനിവാര്യത ,തുടർപുരോഗതിയെ എപ്രകാരം സഹായിക്കുന്നു എന്നിവയായിരിക്കണം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽമാനദണ്ഡമാക്കേണ്ടത്.എന്നാൽ വാർഡടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതുമൂലം ഇപ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കാനാവുന്നില്ല.

<u>ടെണ്ടർ നടപടികളിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പാക്കുന്നില്ല</u>

തൻവർഷം ടെണ്ടർ ചെയ്ത 71 പ്രവൃത്തികളിൽ 8 എണ്ണം ഒഴികെ ബാക്കിയുള്ളവയ്ക്ക്2 കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിരിക്കുന്നത്. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി സമയോചിത ഇടപെടൽ നടത്തുന്നില്ല എന്ന് വ്യക്തമാണ്. ഓഡിറ്റ് നിരീക്ഷണം ഭരണ സമിതിയുടെയും കമ്മറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതും ടെണ്ടറുകൾ സംബന്ധിച്ച് കൂടുതൽ ഇടപെടലുകൾ നടത്തി സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കി അറിയിക്കേണ്ടതുമാണ്.

പ്രോജക്ടുകളുടെ ഫലപ്രാപ്തി,പൂർത്തീകരണം,നിർവഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായില്ലയെന്നത് വാർഷികപദ്ധതിയുടെ ഏറ്റവും വലിയ കുറവാണ്.ഗ്രാമസഭയിൽ ഉന്നയിക്കപ്പെടുന്ന ആവശ്യങ്ങൾ പൂർണ്ണമായി പരിഗണിക്കുന്നതായി കാണുന്നില്ല. .നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ,രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ

വിലയിരുത്തപ്പെടുന്നില്ല.ഭരണസമിതി,സ്റ്റാന്റിംഗ് കമ്മിറ്റികൾ ,വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളു.
ലോക്ഡൗണിനെ തുടർന്ന് ബില്ലുകൾ യഥാസമയം മാറുന്നതിന് സാധിക്കാതിരുന്നതിനാലും സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിനാലും ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റിനത്തിൽ താഴെപ്പറയും പ്രകാരം ആകെ ***2.64* കോടി** രൂപ ലാപ്സായിട്ടുണ്ട്

| ഗ്രാന്റ്-ഇനം | അലോട്ട്മെന്റ്/ വരവ് | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 20518212 | 174,02,318 | 3115894 |
| വികസന ഫണ്ട്-എസ്.സി.പി | 7126588 | 5516372 | 1610216 |
| വികസന ഫണ്ട്-ടി.എസ്.പി. | 727000 | 671774 | 55226 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 15685867 | 5308135 | 10377732 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 6697000 | 2644088 | 4052912 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 9901000 | 2671074 | 7229926 |
| | ആകെ | | ***26441906*** |

## 1-6 ദേശീയതൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20 വർഷം 76 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർബജറ്റ് പ്രകാരം 437 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 365 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 235 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 50518 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു 764 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവർത്തി, തോട് ആഴം കൂട്ടൽ, കിണർ റീചാർജ്ജ്, തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ, തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. കാഷ്ബുക്ക് പ്രകാരമുള്ള 2019-20 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | 295119 | |
| വരവ് | ഇ എഫ് എം എസ് വരവ് | 15395246 | 15963798 |
| | ക്യാഷ് വരവ് (പലിശ ഉൾപ്പെടെ ) | 568552 | |
| ചെലവ് | തൊഴിലാളികളുടെ വേതനം | 14038917 | 16257946.16 |
| | വിദഗ്ധ തൊഴിലാളികളുടെ | 470509 | |

| | | | |
|---|---|---|---|
| | വേതനം | | |
| | ഉപകരണങ്ങളുടെ വില, വാടക | 885820 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 862700.16 | |
| നീക്കിയിരിപ്പ് | | 971.34 | |

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷികകണക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ്, തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടന്റ് സൂക്ഷിക്കുന്ന കാഷ് ബുക്ക് എന്നിവ പ്രകാരം പരിശോധിച്ച് ഉറപ്പാക്കിയ വിവരമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

**<u>1-7 ക്ഷേമപദ്ധതികൾ</u>**

2019-20 വർഷം വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 26520 | |
| വാർദ്ധക്യകാലപെൻഷൻ | 19032600 | 6278 |
| കർഷകതൊഴിലാളി പെൻഷൻ | 5385000 | 1845 |
| വിധവാപെൻഷൻ | 6969600 | 2368 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 303000 | 102 |
| വികലാംഗപെൻഷൻ | 2351800 | 794 |
| വിവാഹ ധനസഹായം | 480000 | 16 |

**<u>1-8 ക്യാഷ്ബാലൻസ് പരിശോധന</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 11/10/2021-ന് 03:00 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 63245/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

**<u>1-9 ആഭ്യന്തര നിയന്ത്രണം</u>**

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണസംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**1) <u>പൊതുനിയന്ത്രണം</u>**

ആഭ്യന്തര നിയന്ത്രണ സംവിധാന നിർവ്വഹണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് ഗ്രാമ പഞ്ചായത്തിലെ മൊത്തത്തിലുള്ള ജോലി വിഭജനം നിർണ്ണയിക്കുന്നതിനും അവയിലെ പരിഹരിക്കുന്നതിനുമുള്ള നടപടികൾ അധികൃതർ സ്വീകരിച്ചിട്ടുണ്ട്.

**2) <u>അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)</u>**

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല.

**3) ക്യാഷ്, ബാങ്ക് നിയന്ത്രണം**

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണത്തിൽ അപാകതകൾ നിലവിലില്ല. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിട്ടുണ്ട്.

**4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം**

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. എങ്കിലും വസ്തുനികുതി ഉൾപ്പെടെയുള്ള വരവിനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

**5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം**

പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യൂർമെന്റ് മാനവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും മാത്രമാണ് നടത്തിയിട്ടുണ്ട്.

**6) പേ റോൾ നിയന്ത്രണം**

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

**7) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്**

കേന്ദ്ര /സംസ്ഥാന ഫണ്ട് വിഹിതങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതും ബി4-പട്ടികയുമായി ബന്ധപ്പെടുത്തി സൂക്ഷിക്കേണ്ടതുമായ ACR സൂക്ഷിയ്ക്കുന്നില്ല. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, വാട്ടർ ചാർജ്ജ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ കൃത്യമായും കാലികമായും സൂക്ഷിച്ചിട്ടില്ല.

**8) ആസ്തി നിയന്ത്രണം ഫലപ്രദമല്ല**

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**9) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം**

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)-പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28/12/2020 – 30/12/2020 | 12/2019 – 03/2020 | ലഭ്യമല്ല |
| അക്കൗണ്ടന്റ് | 14/07/2017 | 12-13 TO | എൽബിഎ |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ് | | 16-17 | (എച്ച് ക്യൂ)11/8A-2660/2017-2018/73 |

**1-11 ഇ–ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല**

ഗ്രാമപഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. 2019-20വർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർ ഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നതും ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രോജക്ടിന്റെ പേര് & നം | ലഭിച്ച ടെൻഡറുകൾ | ടെൻഡർ ഫീസ് | ആകെ ടെൻഡർ ഫീസ് |
|---|---|---|---|---|
| 1 | 89/20- പടിയറക്കടവ് വായനശാല റോഡ് സംരക്ഷണ ഭിത്തി , വാർഡ് -11 | 2 | 1600 | 3200 |
| 2 | 150/20പൂവണ്ണുരുത്ത് എൽ പി എസ് മുടിയാട്ടുകര റോഡ് കോൺക്രീറ്റിംഗ് വാർഡ് - 20 | 3 | 1210 | 3630 |
| | | | ആകെ | 6830 |

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു (എസ് ബി ഐ ചിങ്ങവനം - 3770972027-2). ആയതിനാൽ 2019-20 വർഷം ഇ-ടെൻഡർഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ചിട്ടുള്ള തുക ടി അക്കൗണ്ടിൽനിന്നും തിരികെ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്കും ജി.എസ്.റ്റി. ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്കും അടവാക്കേണ്ടതുമാണ്.

**1-12 വസ്തുനികുതി നിർണ്ണയത്തിലെ അവ്യക്തത.**

ഗ്രാമപഞ്ചായത്തിന്റെ 19- ാം വാർഡിൽ ഷീല പി എൻ ,പാറയിൽ എന്നയാളിന്റെ ഉടമസ്ഥതയിലുള്ളതും വാണിജ്യാവശ്യത്തിനുള്ളതുമായ കെട്ടിടത്തിന്റെ 188.1 ച.മീറ്റർ തറവിസ്തീർണ്ണത്തിന് 19/548 B, C, E, F, G എന്നീ കെട്ടിടനമ്പരുകൾ നൽകി വാണിജ്യാവശ്യത്തിനുള്ള 100 ച,മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് ബാധകമായ 50/- രൂപ അടിസ്ഥാന നികുതിനിരക്ക് ചുമത്തി 2019-20 ഒന്നാം അർദ്ധ വർഷം വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. ഇതേ കെട്ടിടത്തിന്റെ 150.958 ച.മീറ്റർ തറവിസ്തീർണ്ണത്തിന് 19/548A,H, I,Jഎന്നീ കെട്ടിടനമ്പരുകൾ നൽകി വാണിജ്യാവശ്യത്തിനുള്ള 100 ച,മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് ബാധകമായ 30/- രൂപ അടിസ്ഥാന നികുതിനിരക്ക് ചുമത്തി 2018-19ഒന്നാം അർദ്ധ വർഷം വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. 1)ഒരേ കെട്ടിടത്തിന്റെ ഒരേ ഉപയോഗക്രമത്തിലുള്ള ഭാഗങ്ങൾക്ക് ഇപ്രകാരം വ്യത്യസ്ത നികുതി നിരക്ക് ചുമത്തി നികുതി നിർണ്ണയിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.9 ) മറുപടിയിൽ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 3 (4) പ്രകാരം വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി നമ്പർ നൽകാനുള്ള തക്കതായ കാരണം വ്യക്തമാക്കിയിട്ടില്ലായെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

2) കെട്ടിടത്തിന്റെ 526.558 ച.മീറ്റർ തറവിസ്തീർണ്ണത്തിനാണ്.548/A മുതൽ Jവരെ നമ്പർ നൽകി നികുതി നിർണ്ണയിച്ചിരിക്കുന്നത്.

ഫയലിൽ ലഭ്യമാക്കിയ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന് 578.32ച.മീറ്റർ തറവിസ്തീർണ്ണം ഉള്ളതായി കാണുന്നു. ടി തറവിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9 ) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ /വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

**1-13 വസ്തുനികുതി നിർണ്ണയം -തറവിസ്തീർണ്ണം കുറവായി നിർണ്ണയിച്ചു.**

1.ഗ്രാമപഞ്ചായത്തിന്റെ 11-ാം വാർഡിൽ അന്നമ്മ ,മുള്ളനാക്കൽഎന്നയാളിന്റെ ഉടമസ്ഥതയിലുള്ളതും വാണിജ്യാവശ്യത്തിനുള്ളതുമായ കെട്ടിടത്തിന്റെ 54.21 ച.മീറ്റർ തറവിസ്തീർണ്ണത്തിന് 11/536 എ ,ബി,സി,ഡി എന്നീ കെട്ടിടനമ്പരുകൾ നൽകി വാണിജ്യാവശ്യത്തിനുള്ള 100 ച,മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് ബാധകമായ 30/- രൂപ അടിസ്ഥാന നികുതിനിരക്ക് ചുമത്തി 2019-20 ഒന്നാം അർദ്ധ വർഷം വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ഫയലിൽ ലഭ്യമാക്കിയ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന് 81.99 ച.മീറ്റർ തറവിസ്തീർണ്ണം ഉള്ളതായി കാണുന്നു. ടി തറവിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി ( 5) യുടെ മറുപടിയിൽ നികുതി പുനർനിർണ്ണയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. നികുതി പുനർനിർണ്ണയിച്ച് ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2..ഗ്രാമപഞ്ചായത്തിന്റെ 7-ാം വാർഡിൽ മിനോയി തോമസ് ,വടക്കേകരുമാങ്കൽ എന്നയാളിന്റെ ഉടമസ്ഥതയിലുള്ളതും വാണിജ്യാവശ്യത്തിനുള്ളതുമായ കെട്ടിടത്തിന്റെ 123.31 ച.മീറ്റർ തറവിസ്തീർണ്ണത്തിന് 7/448എ ,ബി,സി എന്നീ കെട്ടിടനമ്പരുകൾ നൽകി വാണിജ്യാവശ്യത്തിനുള്ള 100 ച,മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് ബാധകമായ 50/- രൂപ അടിസ്ഥാന നികുതിനിരക്ക് ചുമത്തി 2019-20 ഒന്നാം അർദ്ധ വർഷം വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ഫയലിൽ ലഭ്യമാക്കിയതും ഓവർസിയർ അംഗീകരിച്ചതുമായ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന് 155.21 ച.മീറ്റർ തറവിസ്തീർണ്ണം ഉള്ളതായി കാണുന്നു. ടി തറവിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി ( 5) യുടെ മറുപടിയിൽ നികുതി പുനർനിർണ്ണയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. നികുതി പുനർനിർണ്ണയിച്ച് ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**1-14 വസ്തുനികുതി -വിശദാംശങ്ങൾ ലഭ്യമാക്കിയില്ല**

1.) ഗ്രാമപഞ്ചായത്തിന്റെ 22-ാംവാർഡിൽ 2019-20 ഒന്നാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയിച്ചതും കൺവൻഷൻ സെന്റർ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന്റെ (കെട്ടിടനമ്പർ 22 /228 A ) വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ഫയലിൽ ലഭ്യമാക്കിയ കംപ്ളീഷൻ പ്ളാനിൽ നിലവിലുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന ഓഡിറ്റോറിയത്തിന്റെ (തറവിസ്തീർണ്ണം -907 ച.മീറ്റർ) വസ്തുനികുതിയുടെ വിശദാംശങ്ങൾ (2019-20, 2020-21 വർഷം വസ്തുനികുതി ഈടാക്കിയതിന്റെ ഉൾപ്പെടെ) ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/25.10.21) മറുപടി ലഭ്യമാക്കിയില്ല.

2.)22 /228 A എന്ന കെട്ടിടം ക്രമവൽക്കരിക്കുന്നതിനായി അപേക്ഷിച്ച തീയതി 10/08/2018 ഉം, കെട്ടിടത്തിന്റെ കംപ്ളീഷൻ സർട്ടിഫിക്കറ്റിലെ തീയതി 13.08.2018 ഉം, കെട്ടിടത്തിന് നികുതി നിർണ്ണയിച്ച അർദ്ധവർഷം (2019-20 ഒന്ന്) എന്നിവ പൊരുത്തപ്പെടാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

**1-15 ഒറ്റത്തവണ കെട്ടിടനികുതി -സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.**

2019-20 വർഷം പുതിയ കെട്ടിങ്ങൾക്ക് നമ്പർ അനുവദിച്ചപ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കിയപ്പോഴും സ.ഉ (എം.എസ് ) നം.231 /15/ ത.സ്വ.ഭ.വ തീയതി 9/7/2015 പ്രകാരം 1975 ലെ കേരള കെട്ടിടനികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണെന്ന നിർദ്ദേശം പാലിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ (നം.1/20-21) മറുപടിയിൽ തൻവർഷം അവസാനം മുതൽ പാലിക്കുന്നുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**1-16 വസ്തുനികുതി -കുടിശ്ശിക**

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷികധനകാര്യപത്രിക പ്രകാരം വസ്തുനികുതിയിനത്തിൽ 2372219/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-17 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

(1) ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ 2019-20 വർഷത്തെ ജീവനക്കാരുടെ/ സ്ഥാപന തൊഴിൽ നികുതി (ബാധകമായതിന്) ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4) തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | പൂജ ഇൻഡസ്ട്രീസ്, നാട്ടകം |
| 2 | സൗത്ത് ഇന്ത്യൻ ബാങ്ക് ,ചിങ്ങവനം |
| 3 | കോർപ്പറേഷൻ ബാങ്ക് ,കൊല്ലാട് |
| 4 | ആയുർവേദസ്ഥാൻ ഹെർബൽ ഹെറിറ്റേജ് ക്ലിനിക് |
| 5 | ശ്രീ മൂകാംബിക ഇൻഡോർ സർവീസ് ,നെല്ലിക്കൽ |
| 6 | എംകെ മോട്ടോഴ്സ് |
| 7 | കാനറാ ബാങ്ക് ,പരുത്തുംപാറ |
| 8 | മാർ ഗ്രിഗോറിയോസ് എഡ്യു സൊസൈറ്റി |
| 9 | മുത്തൂറ്റ് ഫിൻകോർപ്പ് |
| 10 | ജെഎംകെ ഫിനാൻസ് |

| | |
|---|---|
| 11 | എഫ് സി ഐ ഗോഡൗൺ |
| 12 | മലങ്കര ഫുഡ് പ്രൈവറ്റ് ലിമിറ്റഡ് |

(2). പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾ, റേഷൻ കടകൾ, ക്ഷീരസംഘങ്ങൾ, കരാറുകാർ ഉൾപ്പെടെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 204,205 വകുപ്പുകൾ, കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾ /ട്രേഡേഴ്സ് / ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ / രേഖകൾ, മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ / സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2019-20 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/19-20) തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**1-18 തൊഴിൽ നികുതി കുടിശ്ശിക അവശേഷിക്കുന്നു**

ഗ്രാമപഞ്ചായത്തിന്റെ 2019-20വർഷത്തെ വാർഷികധനകാര്യ പത്രിക പ്രകാരം (B-15 ഷെഡ്യൂൾ) തൊഴിൽ നികുതിയിനത്തിൽ 20120 /- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-19 ലൈസൻസ് സംബന്ധമായ അപാകതകൾ**

2019-20 വർഷത്തെ ലൈസൻസ് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**1.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല**

വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസിന് അപേക്ഷിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ലൈസൻസ് രജിസ്റ്ററിലുള്ളത്. ലൈസൻസിന് അപേക്ഷിക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുണ്ടോയെന്ന് കണ്ടെത്താനാവശ്യമായ നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിന് മുൻപായി പഞ്ചായത്തിൽ യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അതനുസരിച്ച് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

**2.ഭൂരിപക്ഷം സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കുന്നു**

ജി.ഒ.(പി) 80/2017/ത.സ്വഭ.വ തീയതി.31.10.2017 ലെ ഉത്തരവ് പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ 5 സ്ലാബുകളായി തിരിക്കുകയും മൂലധനനിക്ഷേപം വളരെക്കുറഞ്ഞ സ്ഥാപനങ്ങളെ മൈക്രോ സംരംഭങ്ങളുടെ ഗണത്തിൽപ്പെടുത്തി പരമാവതി 500/- രൂപ ഡി & ഒ ഫീസ് ഈടാക്കാവുന്നതാണ്. എന്നാൽ തൻവർഷം ആകെ 392 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതിൽ 112 സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് 500 രൂപയോ അതിൽ കൂടുതലോ ഈടാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഈടാക്കിയ ലൈസൻസ് ഫീസ് (രൂപ) | സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| 100/- | 36 |
| 200/- | 177 |
| 300/- | 61 |
| 400/- | 6 |
| 500/- | 112 |
| ആകെ | 392 |

കൂടാതെ പല അപേക്ഷയിലും വിറ്റുവരവ്/മൂലധന നിക്ഷേപം സംബന്ധിച്ച ആധികാരികമായ രേഖകൾ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ലൈസൻസ് അപേക്ഷയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഭൂരിപക്ഷം സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/2019-20 തീ.18.10.2021) ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും പരമാവധി ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ പഞ്ചായത്ത് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**3.ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്**

വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് ലൈസൻസ് ചട്ടം 18, 19 പട്ടിക III പ്രകാരമുള്ള ഫീസ് ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ടെങ്കിലും താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മതിയായ ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപനം | കെട്ടിട നം. | യന്ത്രത്തിന്റെ പവർ | ഈടാക്കിയ ഫീസ്, രസീത് നം. | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1. | ഗിൽഗാൻ റബ്ബേഴ്സ് | IX/378 | 98 HP | 500/- (107182/14.3.2019) | 1000/- | 500/- |
| 2. | സെന്റ് മേരീസ് ഗ്രൈന്റിംഗ് വർക്സ് | XVI/199 | 98 HP | 500/- (107180/14.3.2019) | 1000/- | 500/- |
| 3. | ആൽഫാ റബ്ബേഴ്സ് | XVI/57 | 643.5 HP | 3000/- (107415/18.3.2019) | 6430/- | 3430/- |
| 4. | വാക്കപ്പറമ്പിൽ റബ്ബേഴ്സ് | II/240B | 112 HP | 1000/- (105418, 105419/14.10.2019) | 2000/- | 1000/- |
| 5. | കിഴക്കേതിൽ സ്റ്റീൽ വർക്സ് | VI/180A | 600 HP | 5000/- (106092/19.11.2019) | 6000/- | 1000/- |
| | **ആകെ** | | | | | **6430/-** |

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/2020-21 തീ.18.10.2021) നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. കുറവ് വന്ന തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

**4. മുൻ വർഷത്തേക്കാൾ കുറവായ ി ഫീസ് ഈടാക്കി**

താഴെപ്പറയുന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ് മുൻ വർഷത്തേക്കാൾ കുറവായാണ് ഈടാക്കിയത്.

| സ്ഥാപനം | കെട്ടിട നം. | 2018-19 ൽ ഈടാക്കിയ ലൈസൻസ് ഫീസ്, രസീത് നം. | 2019-20 ൽ ഈടാക്കിയ ലൈസൻസ് ഫീസ്, രസീത് നം. | കുറവ് |
|---|---|---|---|---|
| അലിൻഡ് അലൂമിനിയം ട്രേഡേഴ്സ് | XIX/547, 548 | 2000/- (100222/11.4.2018) | 1000/- (119090106332/30.11.2019) | 1000/- |

ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/2019-20 തീ.18.10.2021) മറുപടി ലഭ്യമാക്കിയില്ല. കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**5.റേഷൻ കടകളു്, കള്ള് ഷാപ്പുകൾ, മാവേലി സ്റ്റോറുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയില്ല**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, മാവേലി സ്റ്റോറുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിച്ച് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 വാടക-ഡി.സി.ബി തുകകളിൽ കൃത്യതയില്ല

2019-20 വർഷം വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡി.സി ബി തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാടക രജിസ്റ്റർ പ്രകാരം | 384676 | 384676 | 0 |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 328644 | 328616 (Adv.53913+RP.43-274703) | 28 |

രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ ഡി.സി.ബി തുകകളിൽ ഗണ്യമായ വ്യത്യാസം വന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/2019-20 തീ.20.10.2021) വാർഷിക ധനകാര്യ പത്രികയിലെ തുകയാണ് ശരിയെന്നും രജിസ്റ്ററിൽ തെറ്റ് സംഭവിച്ചതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്. ഇത്തരം അപാകത ഭാവിയിൽ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ലേലം സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല, വരവിന്റെ കൃത്യത പരിശോധിക്കാനായില്ല

2019-20 സാമ്പത്തിക വർഷത്തെ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരം ലേല വരുമാനം 34050/- രൂപയാണ്. എന്നാൽ ടി വരവ് സംബന്ധിച്ച ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. കൂടാതെ ലേല ഡയറി, രജിസ്റ്റർ, ഫയൽ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ ടി ഇനത്തിലെ വരവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/25.10.2021) രേഖകൾ സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ലേല ഡയറി, ഫയൽ, രജിസ്റ്റർ എന്നിവ തയ്യാറാക്കി വരവിനങ്ങളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. സാമ്പത്തിക വർഷാന്ത്യം പഞ്ചായത്തിന്റെ മുഴുവൻ വരവിനങ്ങളുടേയും ഡി.സി.ബി തയ്യാറാക്കി തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-22 കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് സേവന പുസ്തകം പരിപാലിക്കാതെ ആർജിതാവധി അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അക്രഡിറ്റഡ് ഓവർസിയർ, അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് തൻവർഷം ആർജിതാവധി അനുവദിച്ചിട്ടുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റിന് (തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 05.01.2018 ലെ ഐബി1/344/2016-തസ്വഭവ നമ്പർ കത്ത് പ്രകാരം 30 ആർജിതാവധി ഒരു വർഷം സറണ്ടർ ചെയ്യാം) 15 ആർജിതാവധിയും, അക്രഡിറ്റഡ് എൻജിനീയർ /

ഓവർസിയർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് 18.05.2011 ലെ 18805/മഹാത്മാ ഗാന്ധി എൻ ആർ ഇ ജി എസ് സെൽ 01/10/സി ആർ ഡി സർക്കുലറിന്റെയടിസ്ഥാനത്തിൽ 15 ആർജിതാവധിയുമാണ് സറണ്ടർ ചെയ്യുവാൻ അനുവദിച്ചിട്ടുള്ളത്. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/20.10.2021) നാളിതുവരെ ടി ജീവനക്കാരുടെ സേവനപുസ്തകം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലായെന്നും ഉടൻ തന്നെ ആരംഭിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഡ്യൂട്ടി കാലയളവ് കൃത്യമായി പരിശോധിച്ച് ആർജിച്ച അവധിയും സറണ്ടർ ചെയ്ത ആർജിത അവധിയും ഉൾപ്പെടെയുള്ള ലീവ് അക്കൗണ്ട് സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## <u>1-23 പഞ്ചായത്ത് ജീവനക്കാരല്ലാത്ത വ്യക്തികൾക്ക് ട്രഷറിയിൽ പോകുന്നതിനായി യാത്രക്കൂലി അനുവദിച്ചു</u>

ട്രഷറി ബിൽ സമർപ്പിക്കുന്നതിനും ടെലഫോൺ ബിൽ ഒടുക്കുന്നതിനുമായി താഴെപ്പറയുന്ന വ്യക്തികൾക്ക് 04/2019 ൽ ഓട്ടോയിൽ യാത്ര ചെയ്തതിനുള്ള യാത്രക്കൂലി അനുവദിച്ചിട്ടുണ്ട്

| തുക അനുവദിക്കപ്പെട്ട വ്യക്തി | യാത്ര ചെയ്ത തീയതി | വൗച്ചർ നമ്പർ, തീയതി | അനുവദിക്കപ്പെട്ട തുക |
|---|---|---|---|
| ബ്ലസ്സൻ ജേക്കബ് | 30.03.2019 | 51900015/02.04.2019 | 300 |
| ജീമോൻ എബ്രഹാം | 28.03.2019 | 51900016/02.04.2019 | 240 |
| | | ആകെ | 540/- |

ശമ്പളത്തോടൊപ്പം പി.സി.എ കൈപ്പറ്റുന്ന 2 ഓഫീസ് അറ്റൻഡന്റുമാർ ഉള്ളപ്പോൾ പഞ്ചായത്ത് ജീവനക്കാരല്ലാത്ത മേൽപ്പറഞ്ഞ വ്യക്തികൾക്ക് ട്രഷറി, ടെലഫോൺ ഓഫീസ് എന്നിവിടങ്ങളിൽ പോകുന്നതിനായി യാത്രക്കൂലി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/25.10.2021) മറുപടി ലഭിച്ചിട്ടില്ല. നിയമാനുസൃതമല്ലാതെ അനുവദിച്ച ടി തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>1-24 അർഹമായ കാലയളവിന് ശേഷം യാത്ര ബത്ത മാറി നൽകി</u>

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56(ബി) പ്രകാരം യാത്രാ ബത്തകൾ അർഹമായ തീയതി മുതൽ 2 വർഷത്തിനകം മാറിയിരിക്കണം എന്നും രണ്ട് വർഷത്തിന് ശേഷമാണെങ്കിൽ സർക്കാരിന്റെ പ്രത്യേക അനുമതിയോടെ മാത്രമേ മാറാനാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വൗച്ചർ നം.51900286 തീ. 27.06.2019 പ്രകാരം താഴെപ്പറയുന്ന 2 വർഷത്തിലധികമായ യാത്രാ ബത്തകൾ മാറിയെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| യാത്ര നടത്തിയ മാസം | മാറിയ തുക |
|---|---|
| 02/2017 | 1800 |
| 03/2017 | 1400 |
| 04/2017 | 800 |
| 05/2017 | 1200 |
| ആകെ | 5200/- |

ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/2019-20 തീ.25.10.2021) മറുപടി ലഭിച്ചില്ല. അർഹമായ കാലയളവിന് ശേഷം മാറിയ യാത്ര ബത്തക്ക് പ്രത്യേക അനുമതി ലഭ്യമായിട്ടില്ലായെങ്കിൽ തുക തിരികെ ഈടാക്കേണ്ടതാണ്.

**1-25 മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്ക ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു - 242800 രൂപ തിരികെ ഈടാക്കണം**

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു . എന്നാൽ പനച്ചിക്കാട് ഗ്രാമ പഞ്ചായത്തിലെ 2019-20 കാലയളവിലെ ഏതാനും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്ക ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഗുണഭോക്താക്കളുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടു പോലും ഓഡിറ്റ് നടക്കുന്ന തീയതി വരേയും പെൻഷൻ സസ്പെന്റ് ചെയ്തിട്ടുമില്ല . വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | ഭാസ്കരൻ എം കെ | വാർദ്ധക്യ പെൻഷൻ(75 വയസിൽ കൂടുതൽ) | 105510201422 | 28/03/20 | 22/04/20 | 04/20 മുതൽ 09/21 വരെ | 27600 |
| 2. | തോമസ് ചാക്കോ | കർഷക തൊഴിലാളി പെൻഷൻ | 105510100516 | 05/12/19 | 07/01/20 | 01/20 മുതൽ 9/21 വരെ | 29800 |
| 3 | കാർത്ത്യായനി | കർഷക തൊഴിലാളി പെൻഷൻ | 105510101014 | 03/01/20 | 16/01/20 | 02/20 മുതൽ 9/21 വരെ | 28600 |
| 4 | സാറാമ്മ ഐപ്പ് | വാർദ്ധക്യ പെൻഷൻ(75 വയസിൽ കൂടുതൽ) | 105510203023 | 02/01/20 | 21/01/20 | 02/20 മുതൽ 9/21 വരെ | 30600 |
| 5 | ജാനകിയമ്മ | വാർദ്ധക്യ പെൻഷൻ(75 വയസിൽ കൂടുതൽ) | 105510203286 | 22/01/20 | 14/02/20 | 02/20 മുതൽ 9/21 വരെ | 30600 |
| 6 | സാറാ യോശുവ | വാർദ്ധക്യ പെൻഷൻ | 105510200682 | 14/02/20 | 25/02/20 | 03/20 മുതൽ 4/20 വരെ | 2500 |
| 7 | ലീലാമണി | വാർദ്ധക്യ പെൻഷൻ(75 വയസിൽ കൂടുതൽ) | 10551020010 | 16/02/20 | 05/03/20 | 03/20 മുതൽ 9/21 വരെ | 29100 |
| 8 | ജാനകി | കർഷക തൊഴിലാളി പെൻഷൻ | 105510100128 | 06/03/20 | 17/04/20 | 04/20 മുതൽ 9/21 വരെ | 26200 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | തങ്ക അയ്യപ്പൻ | ഡിസബിലിറ്റി പെൻഷൻ | 105510400157 | 11/01/20 | 19/02/20 | 02/20 മുതൽ 9/21 വരെ | 28600 |
| 10 | ചിന്നമ്മ എബ്രഹാം | വിധവാ പെൻഷൻ | 105510600919 | 28/01/20 | 19/02/20 | 02/20 മുതൽ 4/20 വരെ | 3700 |
| 11 | കെ എ വത്സപ്പൻ | വാർദ്ധക്യ പെൻഷൻ(75 വയസിൽ കൂടുതൽ) | 105510201708 | 15/02/20 | 24/02/20 | 03/20 മുതൽ 4/20 വരെ | 3000 |
| 12 | കൗസല്യ എംജി | വിധവാ പെൻഷൻ | 105510600907 | 07/02/20 | 25/02/20 | 03/20 മുതൽ 4/20 വരെ | 2500 |
| | ആകെ | | | | | | 242800 |

പെൻഷൻ തുക സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു .

| | 04/2019 മുതൽ 03/2020 വരെ | 04/2020 മുതൽ 08/2020 വരെ | 09/2020 മുതൽ 12/2020 വരെ | 01/2021 മുതൽ 03/2021 വരെ | 04/2021 മുതൽ 08/2021 വരെ |
|---|---|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ (75 വയസിൽ കൂടുതൽ) | 1500 | 1500 | 1500 | 1500 | 1600 |
| മറ്റ് ക്ഷേമ പെൻഷനുകൾ | 1200 | 1300 | 1400 | 1500 | 1600 |

അപേക്ഷകരുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ ബാങ്കിലേക്കയക്കുന്നതിന്റെ സാംഗത്യം ഓഡിറ്റിന് ബോധ്യമാകുന്നില്ല . ഓഡിറ്റ് ഇത് പരിശോധിക്കുന്ന വേളയിലും മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ സ്റ്റാറ്റസ് സേവനയിൽ ആക്ടീവ് ആയി തുടരുകയുമാണ് . ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിൽ 2019 -20 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 10/2019-20,തീയതി -21/10/21 ) പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതായും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി .

ധനകാര്യ വകുപ്പിന്റെ 5-11.20 ലെ 67/20 നമ്പർ സർക്കുലർ , ധനകാര്യ വകുപ്പിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്) നം.97/2020/ധന നമ്പർ ഉത്തരവ് എന്നിവ പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 242800 /- രൂപ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ് . ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുണ്ടോ എന്നത് പരിശോധിക്കേണ്ടതും ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതുമാണ് .

## 1-26 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 73/2019-20 |
| പ്രോജക്ടിന്റെ പേര് | സംയോജിത നെൽകൃഷി വികസനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 795000 (വികസന ഫണ്ട്-പൊതുവിഭാഗം)<br>1375000 (തനത് ഫണ്ട്)<br>1260000( ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>1500000( മറ്റുള്ളവ) |
| ചെലവ് | 387000 (വികസന ഫണ്ട്-പൊതുവിഭാഗം)<br>1375000 (തനത് ഫണ്ട്)<br>72000( ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

ഗ്രാമപഞ്ചായത്ത് നെൽകൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി കൂലിച്ചെലവിന് സബ്സിഡിയും വിത്തും നൽകുന്ന പദ്ധതിയാണ് ഇതിലൂടെ നടപ്പാക്കിയത് . എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു . വിശദവിവരം ചുവടെ ചേർക്കുന്നു .

1. സബ്സിഡി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ഭൂരിഭാഗം അപേക്ഷകളോടൊപ്പവും ഭൂവിസ്തീർണ്ണം ഉറപ്പാക്കാൻ ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്തിട്ടില്ല .

2.ഗുണഭോക്താക്കൾ ലഭ്യമാക്കിയ അപേക്ഷകൾ പലതും അപൂർണ്ണമാണ് . ഉദാഹരണം ചുവടെ ചേർക്കുന്നു .

| ഗുണഭോക്താവിന്റെ പേര് | ലഭിച്ച സബ്സിഡി ആനുകൂല്യം | അപേക്ഷയിലെ അപാകത |
|---|---|---|
| കെ എസ് രാജൻ | 12600 | കൃഷി ചെയ്ത സ്ഥലത്തെകുറിച്ചോ / വിസ്തീർണത്തെക്കുറിച്ചോ യാതൊരു വിധ രേഖപ്പെടുത്തലും വരുത്തിയിട്ടില്ല . |
| ബിന്ദു ജേക്കബ് | 14760 | കൃഷി ചെയ്ത |

| | | |
|---|---|---|
| | | സ്ഥലത്തെകുറിച്ചോ / വിസ്തീർണത്തെക്കുറിച്ചോ യാതൊരു വിധ രേഖപ്പെടുത്തലും വരുത്തിയിട്ടില്ല . |
| ടി വി വർഗ്ഗീസ് | 12600 | കൃഷി ചെയ്ത സ്ഥലത്തെകുറിച്ചോ / വിസ്തീർണത്തെക്കുറിച്ചോ യാതൊരു വിധ രേഖപ്പെടുത്തലും വരുത്തിയിട്ടില്ല . 2600 രൂപ കൂലി ചെലവ് ഇനത്തിൽ നൽകി എന്നാണ് ഗുണഭോക്താവ് അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ളത് . |

3 .ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷകൾക്കോപ്പം കൂലിചെലവ് സംബന്ധിച്ച രേഖകൾ, ജൈവവളം വാങ്ങൽ സംബന്ധിച്ച രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (12/2019-20തീയതി-22.10.21) ലഭ്യമാക്കിയ മറുപടിയിൽ കൂലി ചെലവ്, ജൈവവള സബ്സിഡി എന്നിവ നല്കുന്നത് കൃഷി അസിസ്റ്റന്റുമാർ കൃഷിയിടങ്ങൾ നേരിട്ട് പരിശോധന നടത്തി ഭൂവിസ്തീർണ്ണം ഉറപ്പാക്കി ശുപാർശചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണെന്നും അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നതാണെന്നും വിശദീകരിച്ചു. കൃഷിക്കായി വ്യക്തിഗത ആനുകൂല്യങ്ങൾ നല്കുമ്പോൾ മാർഗ്ഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകൾ കർഷകരിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്.സബ്സിഡി മാർഗ്ഗരേഖ പാലിച്ച് ഭാവിയിൽ പ്രോജക്ട് നടപ്പാക്കേണ്ടതും മേൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ് .

**1-27 എ.ബി.സി പ്രോജക്ടിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല .**

പ്രോജക്ട് നമ്പർ- 19/2019-20

അടങ്കൽ- 105000 രൂപ (തനത് ഫണ്ട് )
ചെലവ്- 105000 രൂപ (തനത് ഫണ്ട് )

തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടിക്കായി ജില്ലാ, ബ്ലോക്ക്,ഗ്രാമപഞ്ചായത്തുകൾ ചേർന്നുള്ള സംയുക്ത പ്രോജക്ടിന്റെ നടത്തിപ്പിനായി 5.5.2017ലെ 1450/17/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററെ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിലെ 50 തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിനായി 105000/- രൂപ കുടുംബശ്രീ ജില്ലാമിഷന് കൈമാറിയിട്ടുണ്ട്. ജില്ലാ മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും എപ്രകാരം വിനിയോഗിച്ചു എന്നോ പ്രോജക്ടിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി ഫലപ്രദമായിരുന്നത് സംബന്ധിച്ച് വർക്കിങ്ങ് ഗ്രൂപ്പ് മോണിട്ടർ ചെയ്തിട്ടുമില്ല. ഈ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (28/2019-20തീയതി-23.10.21) മറുപടി

ലഭ്യമാക്കിയില്ല . അപാകതകൾ പരിഹരിക്കേണ്ടതും പ്രോജക്ടിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ് .

**1-28 ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.**

1.2019-20 വർഷം മെഡിക്കൽ ഓഫീസർ (എഫ്.എച്ച് .സി ) നിർവഹണം നടത്തിയ ജീവിതശൈലീ രോഗനിർണ്ണയ ക്യാംപ് എന്ന പ്രോജക്ട് (നം.93/20) പ്രകാരം 40000 /- രൂപ(ബിൽ നം. 15 /18.02.2020 ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. 39101 /- രൂപയുടെ സാധനങ്ങൾ ലഭിച്ചിട്ടുണ്ട്. ബാക്കി 899/-രൂപയുടെ വിനിയോഗവിവരം , ജീവിതശൈലീ രോഗനിർണ്ണയ ക്യാംപ് നടത്തിയതിന്റെ വിവരങ്ങൾ , മോണിട്ടറിംഗ് റിപ്പോർട്ട് മുതലായവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

2.പാലിയേറ്റീവ് കെയർ പ്രോജക്ടിൽ (നം.32/20) ഉൾപ്പെടുത്തി ബിൽ നമ്പർ 7/ 14.10.19 പ്രകാരം 206425 -രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയതിൽ 189539 രൂപയുടെ ഉപകരണങ്ങൾ ലഭിച്ചതിന്റെ വിവരം ഫയലിലുണ്ട്.ബാക്കി 16886/- രൂപയുടെ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് 16886/- രൂപയുടെ ഉപകരണങ്ങൾ ലഭ്യമാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഉപകരണങ്ങൾ ലഭ്യമാകാത്തതിനാൽ 17785(16886 + 899) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

**2-1 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്**

വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് ലൈസൻസ് ചട്ടം 18, 19 പട്ടിക III പ്രകാരമുള്ള ഫീസ് ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ടെങ്കിലും താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മതിയായ ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപനം | കെട്ടിട നം. | യന്ത്രത്തിന്റെ പവർ | ഈടാക്കിയ ഫീസ്, രസീത് നം. | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1. | ഗിൽഗാൻ റബ്ബേഴ്സ് | IX/378 | 98 HP | 500/- (107182/14.3.2019) | 1000/- | 500/- |
| 2. | സെന്റ് മേരീസ് ഗ്രൈന്റിംഗ് വർക്സ് | XVI/199 | 98 HP | 500/- (107180/14.3.2019) | 1000/- | 500/- |
| 3. | ആൽഫാ റബ്ബേഴ്സ് | XVI/57 | 643.5 HP | 3000/- (107415/18.3.2019) | 6430/- | 3430/- |
| 4. | വാക്കപ്പറമ്പിൽ റബ്ബേഴ്സ് | II/240B | 112 HP | 1000/- (105418, 105419/14.10.2019) | 2000/- | 1000/- |
| 5. | കിഴക്കേതിൽ സ്റ്റീൽ വർക്സ് | VI/180A | 600 HP | 5000/- (106092/19.11.2019) | 6000/- | 1000/- |
| | **ആകെ** | | | | | **6430/-** |

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/2020-21 തീ.18.10.2021) നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. കുറവ് വന്ന തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2019-20 | 12.09.2021 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെപേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 72000 | 73/20സംയോജിത നെൽകൃഷി വികസനം | 72000 | ---- |
| ബ്ലോക്ക് പഞ്ചായത്ത് | 250000 | 12/20 ഭിന്നശേഷി സ്കോളർഷിപ്പ് | 250000 | -------- |
| **ആകെ** | | | **322000** | |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 248500 | 12/20 ഭിന്നശേഷി സ്കോളർഷിപ്പ് | 248500 | ------- |
| **ആകെ** | | | **248500** | |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജലവകുപ്പ് | 202/20 അംഗൻ വാടികളിൽ കുഴൽകിണർ നിർമ്മാണം | 14/15.05.2019 | 200000(MG-N) | 200000 | |
| ഭൂജലവകുപ്പ് | 203/20 സ | 15/15.05.2019 | 200000(MG- | 200000 | |

| | | | | | |
|---|---|---|---|---|---|
| | കുളങ്ങളിൽ കുഴൽകിണർ നിർമ്മാണം | | N) | | |
| കെ.എസ്.ഇ.ബി | 265/20 സ്ട്രീറ്റ് മെയിൻ വലിക്കൽ | 5088647/ 07.02.2020 | 59995(Own) | 59995 | |

**4-4 മൊബിലൈസേഷൻ അഡ്വാൻസ്**

നല്കിയിട്ടില്ല.

**4-5 വായ്പ/വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | വായ്പ തുക | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി (കെ.യു.ആർ.ഡി. എഫ്.സി. ലോൺ) | ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 3384064+ 3260000 =6644064 | 3384064 | 3384064 | 661765 | -- | 5982299 |

**4-6 സ്ഥിരനിക്ഷേപങ്ങൾ**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

**4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം**

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

**4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം**

ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 131018065 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 77100437 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 6430 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 17785 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 6430 | | ശ്രീമതി മായാ ഡി,സെക്രട്ടറി |
| **ആകെ** | 6430 | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 17785 | ഡോ.ജോർജ്ജ് കുര്യൻ , മെഡിക്കൽ ഓഫീസർ പിഎച്ച്സി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മായാ ഡി, സെക്രട്ടറി | വിരമിച്ചു | സരോജ്, TC 15/227 വെള്ളയമ്പലം, തിരുവനന്തപുരം |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 ചെലവ് | എൽ.എഫ്.കെ.പി11/692/അദാ./14/ 28.11.14 | 5 | |
| 1998-99 (ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി.11/692/ 14അദാ/7.1.15 | 18 | |
| 98-99(വരവ്) | കെ.എസ്.എ-കെ.ടി.എം.പി.12/ അദാ/ 2018/192(2)/18/19.2.18 | 3 | |
| 1999-2000 | എൽ.എഫ്.കെ.പി6/1292/ 07/21.1.08 | | |
| 2000-01,01-02(പ്ലാൻ) | എൽ.എഫ്.കെ.പി11/421/ 10/19.6.12 | | |
| 2001-02 | എൽ.എഫ്.കെ.പി11/692/ 14/13.3.15 | 4 | |
| 2002-03(വരവ്) | എൽ.എഫ്.കെ.പി6/774/08/30.3.10 | | |
| 2003-04 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി.12 (അദാ)2018/192(5)18/19.2.18 | 6 | |
| 2003-04 വരവ് | എൽ.എഫ്.കെ.പി6/422/10/17.8.10 | | |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി.12 (അദാ)2018/192(6)/18/17.2.18 | 6 | |
| 2006-07 | എൽ.എഫ്.കെ.പി6/974/10/2.6.12 | | |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി.12/ അദാ/2018/192(6)/19.2.18 | 12 | |
| 2008-09 | എൽ.എഫ്.കെ.പി11/1389/ 11/3.11.12 | 15 | |
| 2009-10 & 2010-11 | കെ.എസ്.എ-കെ.ടി.എം.പി.12/ അദാ/18/192(8)/ 19.2.18 | 6 | |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി.12/ അദാ/18/192(9)1/19.2.18 | 15 | |
| 2012-13 | എൽ.എഫ്.കെ.പി11/324/ 15/18.4.15 | 25 | |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി.11-512/16/10.5.16 | 8 | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.11-1770/16/25.4.17 | 12 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി-12/ 1797/17/23.01.18 | 28 | |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.12/701/ 18/24.3.18 | | |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.12/302/ | 29 | |

| | | | |
|---|---|---|---|
| | 2019/14.7.19/4.5.19 | | |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.12-1400/2019 11.10.2019 | | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ(ഹഗ്രേ)**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്